Malappuram District Police

# ഹാഷിഷ് ഓയിലുമായി രണ്ടുപേർ പിടിയിൽ

**കൊണ്ടോട്ടി: (29.08.2019)**

അന്താരാഷ്ട്ര വിപണിയിൽ ഒരു കോടിയോളം രൂപ വിലയുള്ള ഹാഷിഷ് ഓയിലുമായി രണ്ടുപേർ പിടിയിൽ.

എടപ്പാൾ, മാറഞ്ചേരി കാഞ്ഞിരമുക്ക് കോലോത്ത് ഷമീർ (38), തിരൂർ കോട്ടായിത്തറ പുറത്തൂർ കല്ലുനാട്ടിക്കൽ റസാഖ് (46) എന്നിവരെയാണ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും, വാഴക്കാട് പോലീസും ചേർന്ന് പിടികൂടിയത്. രണ്ടുമാസമായി ഇവർ നിരീക്ഷണത്തിലായിരുന്നു.

മലപ്പുറം ജില്ലയിലെ വിവിധ കോളേജുകളും ചില വൻകിട ഹോട്ടലുകളും കേന്ദ്രീകരിച്ച് ഹാഷിഷ് അടക്കമുള്ള ലഹരി മരുന്നുകളുടെ വിൽപന നടക്കുന്നതായി നേരത്തേ രഹസ്യ വിവരം കിട്ടിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് നിരീക്ഷണം ശക്തമാക്കിയത്. കുറ്റിപ്പുറത്തുനിന്ന് അരീക്കോട് ഭാഗത്തേക്ക് ബൈക്കിൽ വരികയായിരുന്ന ഇവരെ ബുധനാഴ്ച പുലർച്ചെയാണ് പിടികൂടിയത്. കറുത്തബാഗിൽ ഒളിപ്പിച്ച നിലയിലായിരുന്നു ഹാഷിഷ്. കൊണ്ടോട്ടി എൽ.ആർ. തഹസിൽദാർ പി. രഘുനാഥൻ സ്ഥലത്തെത്തി നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു.

പിടിയിലായവരെ ചോദ്യം ചെയ്തതിൽ ജില്ലയിലെ ചെറുകിട കച്ചവടക്കാരെക്കുറിച്ച് സൂചന ലഭിച്ചിട്ടുണ്ട്. ഇവരെ നിരീക്ഷിച്ചുവരികയാണ്. പിടിയിലായ റസാഖിന്റെ പേരിൽ ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ മോഷണക്കേസുകൾ ഉണ്ട്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.